## ബിജു എസ്. ബാലൻ അനുസ്മരണ

# കേരളീയം പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് **കെ. പി. റഷീദിന്**

## പാണ്ഡുരംഗ ഹെഗ്ഡെ മുഖ്യാതിഥി

### ജൂൺ 28, ചൊവ്വ വൈകീട്ട് 5ന് തൃശൂർ സാഹിത്യ അക്കാദമിയിൽ

**കേരളീയം** ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് കെ.പി. റഷീദിന്. മാധ്യമം ദിനപത്രത്തിന്റെ തൃശൂർ യൂണിറ്റിൽ സബ് എഡിറ്ററാണ് റഷീദ്. 'കുടിയൊഴിപ്പിക്കലിന്റെ രാഷ്ട്രീയം: പരിസ്ഥിതിക്കും മനുഷ്യർക്കും വേണ്ടി ഒരന്വേഷണം' എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് ഫെല്ലോഷിപ്പ് നൽകുന്നത്. 'പരിസ്ഥിതിയും വികസനവും' എന്നതായിരുന്നു ഇത്തവണ ഫെല്ലോഷിപ്പിനായി നൽകിയ വിഷയം.

കേരളീയത്തിന് ലഭിച്ച എൻട്രികളിൽ നിന്നും കെ. രാജഗോപാൽ ചെയർപേഴ്സണും (എക്സിക്യൂട്ടീവ് എഡിറ്റർ, മീഡിയവൺ കോഴിക്കോട്), ഡോ. എസ് ശങ്കർ (ശാസ്ത്രജ്ഞൻ, കെ.എഫ്ആർഐ, പീച്ചി), സിആർ നീലകണ്ഠൻ (പരിസ്ഥിതി പ്രവർത്തകൻ/ മാനേജർ, കെൽട്രോൺ, ഹൈദരാബാദ്), ഡോ. സി. എസ് വെങ്കിടേശ്വരൻ (മാധ്യമ വിദഗ്ധൻ/ ഫെലോ, സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്, തിരുവനന്തപുരം), എസ്. ഉഷ (ഡയറക്ടർ, തണൽ, തിരുവനന്തപുരം) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് റഷീദിനെ ഫെല്ലോഷിപ്പിനായി തിരഞ്ഞെടുത്തത്.

ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് പ്രശസ്ത പരിസ്ഥിതി സംരക്ഷണ പ്രവർത്തകനും കർണ്ണാടകയിലെ അപ്പിക്കോ മൂവ്മെന്റിന്റെ സ്ഥാപകനുമായ പാണ്ഡുരംഗ ഹെഗ്ഡെ 10,002 രൂപയുടെ ഫെല്ലോഷിപ്പ് റഷീദിന് നൽകും. തുടർന്ന് വികസനവും പരിസ്ഥിതിയും എന്ന വിഷയത്തിൽ ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം അദ്ദേഹം നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ, കെ.



കെ.പി. റഷീദ്

**ബിജു എസ്. ബാലൻ**



ചെന്നൈ ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ വെബ് എഡിഷനിൽ സബ് എഡിറ്ററായിരുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത്, കേരളീയം, ആൾട്ടർ മീഡിയ എന്നിവയുമായി സഹകരിച്ച് പ്രവർത്തിച്ചു. വിവിധ പത്രമാധ്യമങ്ങളിൽ എഴുതിയിരുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നരവംശ ശാസ്ത്രത്തിൽ ഗവേഷക വിദ്യാർത്ഥിയായിരുന്നു. 'ചെന്നൈ വിശേഷവും കുറിപ്പുകളും' എന്ന പുസ്തകം കേരളീയം പ്രസിദ്ധീകരിച്ചിട്ടുണ്ട്.



വി.പി റജീന



കെ. സന്ദീപ്

പി. ശശി, എ. മോഹൻകുമാർ, ഹാഷിം ചേന്നാമ്പിള്ളി, എം.പി. സുരേന്ദ്രൻ, സന്ദേശ്, സുരേഷ് ബാബു തുടങ്ങിയവർ സംസാരിക്കും. 2010 ലെ ഫെല്ലോഷിപ്പ് ലഭിച്ച കെ. സന്ദീപിന്റെ റിപ്പോർട്ട് എസ്. ഉഷ സ്വീകരിക്കും.

കേരളീയത്തിന്റെ പ്രഥമ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വി.പി റജീനയ്ക്കാണ് ലഭിച്ചത്. 'കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങ'ളെക്കുറിച്ചുള്ള പഠനത്തിനാണ് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകിയത്.

2009 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് മുൻ ഡയറക്ടറും ചെന്നൈയിലെ മീഡിയ റിസർച്ച് ഫൗണ്ടേഷന്റെ ഡയറക്ടറുമായ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകി.

2010 ലെ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിന് കെ. സന്ദീപ് അർഹനായി. 'വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണ' ത്തെക്കുറിച്ചുള്ള പഠനത്തിനാണ് ജനയുഗം പത്രത്തിലെ സബ്എഡിറ്ററായ കെ. സന്ദീപിന് ഫെല്ലോഷിപ്പ് നൽകിയത്.

2010 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടക്കുന്ന ചടങ്ങിൽ ഫിലിംഡിവിഷൻ ഡയറക്ടറും ഡോക്യുമെന്ററി സംവിധായകനുമായ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് നൽകി. ഭൂമിയും വികസനം സൃഷ്ടിക്കുന്ന ആഘാതങ്ങളും എന്ന വിഷയത്തിൽ ജോഷി ജോസഫ് ബിജു എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.